**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2019** **16-03-2022 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ ജലപാതാനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലഗതാഗത-വിനോദസഞ്ചാര മേഖലകളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന കോവളം-ബേക്കൽ ജലപാതാനിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പശ്ചിമ തീര കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. 2020-ഓടെ അവസാനിച്ച ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും, കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. 2022 അവസാനത്തോടെ രണ്ടാം ഘട്ടം പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാത നിലവാരത്തിൽ കനാൽ നിർമ്മാണം നടപ്പിലാക്കാനും 2025 ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനം, ഫീഡർ കനാലുകളുടെ വികസനം, ടൂറിസം വികസനം എന്നിവ സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നു. പശ്ചിമ തീര കനാലിന്റെ വിവിധ ഭാഗങ്ങളിലെ നിലവിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. കോവളം - കൊല്ലം കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB ധനസഹായത്തോടെ 66.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. Market നിരക്കും കൂടി പരിഗണിച്ച് KIIFB പ്രസ്തുത തുക 87.18 കോടിയായി വർദ്ധിപ്പിച്ചിട്ടുള്ളതും KIIFB LA യൂണിറ്റുമായി ചേർന്ന് സ്ഥല പരിശോധന നടത്തി വരുന്നതുമാണ്. പാർവ്വതീ പുത്തനാറിനു കുറുകെ കരിക്കകം, പുത്തൻ പാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും, കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർ നിർമ്മാണവും നടന്നു വരുന്നു. കോവളം- ആക്കുളം ഭാഗത്ത് പാർവ്വതീ പുത്തനാറിന്റെ വീതിയും ആഴവും കൂട്ടി |

നവീകരിക്കുന്നതിനും, കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി 150 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. DPR തയ്യാറാക്കി KIIFB യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോവളം മുതൽ വർക്കല വരെ കനാൽ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 1275 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് KIIFB യുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
പുനരധിവാസത്തിനുള്ള സർവ്വെ നടപടികൾ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച PMU മുഖേന നടത്തി വരുന്നു. കൊല്ലം -കോഴിക്കോട് ദേശീയ ജലപാത -3 ആയി പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ ദൈർഘ്യം വരുന്ന ജലപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ അധീനതയിലാണ് നടപ്പാക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൈർഘ്യം ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ടി.ജലപാത പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേക്ക് എത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. ദേശീയ ജലപാത-3 ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ദൂരം ദേശീയജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ പ്രകാരമുള്ള വികസനം സാധ്യമാകുകയുള്ളൂ. മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ച് വരുന്നു കോഴിക്കോട്-ബേക്കൽ കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാൽ ജലപാതാ നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി

| | | | |
|---|---|---|---|
| | | | ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. മാഹി വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടി വരും ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 650 കോടി രൂപ KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. അതുപോലെ നീലേശ്വരം ബേക്കൽ ഭാഗത്തും 6.5 കി.മീ കനാൽ പുതുതായി നിർമ്മിക്കേണ്ടി വരും. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 189 കോടി രൂപ KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഈ പ്രവൃത്തികൾ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്. |
| (ബി) | പ്രസ്തുത ജലപാതയിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ചും കേന്ദ്ര ഫണ്ട് ഉപയോഗിച്ചും നിർമ്മിക്കേണ്ട ഭാഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൂരവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള NW-3 extension ആയ 160 കി.മീ ദൂരവും വരുന്ന ദേശീയ ജലപാത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ജലപാത വികസന അതോറിറ്റിയുടെ IWAI ( Inland Waterways Authority of India) -യുടെ അധീനതയിലാണ്. കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ, കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ ഭാഗങ്ങൾ ഉൾനാടൻ ജലഗതാഗത വകുപ്പിനു കീഴിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നു. |
| (സി) | ജലപാതാനിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ദേശീയ ജലപാത-3 ന്റെ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ ജലപാത നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി ദേശീയ ജലപാത അതോറിറ്റി തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ പ്രകാരമുള്ള വികസനം സാധ്യമാകുകയുള്ളു. സംസ്ഥാന സർക്കാർ നേരിട്ട് നടപ്പാക്കുന്ന ജലപാത നിർമ്മാണ പ്രവൃത്തികൾ 2025 അവസാനത്തോട് കൂടി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ